# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ** : 2758/11/12/2023/

പരാതികക്ഷി ജോൺസൺ ജോർജ്, ടിസി. 16/1382
കണ്ണേറ്റുമുക്ക്, ജഗതി,തൈക്കാട്, തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 13.10.2025**

ഹർജികക്ഷി ഉൾപ്പെടെ 37 പേർ സമർപ്പിച്ച പരാതിയാണിത്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം, മെഡിക്കൽ കോളേജ് ഹോസ്പ്പിറ്റൽ എന്നിവിടങ്ങളിൽ മനോരോഗമുള്ളവരും അവരുടെ ബന്ധുക്കളും കൂട്ടിരിപ്പുകാരും സാമൂഹ്യപ്രവർത്തകരും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളാണ് പരാതിക്ക് ആസ്പദമായ വിഷയം. കടുത്ത മാനസിക വിഭ്രാന്തിയാൽ അക്രമാസക്തരായ മാനസിക രോഗികളെ വീട്ടുകാരും നാട്ടുകാരും സാമൂഹ്യ പ്രവർത്തകരും ചേർന്ന് പിരിവെടുത്ത് ആംബുലൻസിൽ ദൂരെ സ്ഥലങ്ങളിൽ നിന്നും ആശുപത്രികളിൽ എത്തിക്കുമ്പോൾ കൂട്ടിരിപ്പുകാർ ഇല്ലാതെ അഡ്മിറ്റ് ചെയ്യില്ലെന്ന് പറഞ്ഞ് മടക്കി അയക്കുന്നു എന്നും, കിടപ്പു രോഗികളായ മനോരോഗികൾക്ക് മരുന്ന് വാങ്ങാൻ രോഗി നേരിൽ വരണമെന്ന കർശന നിർദേശം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ കൃഷ്ണൻ നൽകിയതുകാരണം മാനസിക രോഗികൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും, ടി ഡോക്ടർ യോഗ മെഡിറ്റേഷൻ, Mindful Meditation എന്നിവ നടത്തി ഫീസ് ചുമത്തുന്നതായി ആരോപണം ഉണ്ടെന്നും, കൂടാതെ മാനസിക രോഗികളുടെ പുനരധിവാസം തടസ്സപെടുത്തുന്ന രീതിയിൽ ഈ ഡോക്ടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതായും മറ്റുമാണ് പരാതി വിഷയം.

2. പരാതി സംഗതിയിൽ ഹർജികക്ഷിയെ നേരിൽ കേട്ട ശേഷം 04.02.2025 തീയതിയിൽ കമ്മീഷൻ ഒരിടക്കാല ഉത്തരവ് പാസാക്കിയിരുന്നു. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെയും മെഡിക്കൽ കോളേജ് ആശുപത്രിയിലെയും പ്രശ്നങ്ങൾ പ്രത്യേകം കാണിച്ച് അപേക്ഷ നൽകാൻ ആവശ്യപ്പെടുകയും ആയതനുസരിച്ച് ടിയാൻ നൽകുകയും ചെയ്തുപ്രസ്തുത . ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മാനസികരോഗ കേന്ദ്രം സൂപ്രണ്ട്14.08.2025 തീയതിയിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി സൈക്യാട്രിക് ഭാഗം മേധാവി ഡോക്ടർ എസ് കൃഷ്ണൻ 17.03.2025 തീയതിയിലും റിപ്പോർട്ടുകൾ സമർപ്പിച്ചു.

3. സൈക്യാട്രിക് ഭാഗം മേധാവി ഡോക്ടർ എസ് കൃഷ്ണൻ സമർപ്പിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"സൈക്യാട്രിക് എമർജൻസിയായ വയലൻസ് രോഗികളെ കൈകാര്യം ചെയ്യാനുള്ള ക്ലുഷൻ ഫെസിലിറ്റി റെസ്റ്റയിൻ കിടക്ക എന്നിവക്കായുള്ള നിവേദനങ്ങൾ മേൽ അധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ട്. അവ അവരുടെ പരിഗണനയിലാണ്.

രോഗികൾക്ക് മരുന്ന് നൽകിയിരുന്നത് രണ്ടാഴ്ച കാലത്തേക്ക് പരിമിതപ്പെടുത്തിയിരുന്നത് അന്നത്തെ സൂപ്രണ്ടിന്റെ ഉത്തരവ് പ്രകാരമായിരുന്നു. തുടർന്ന് ഡോക്ടർ കൃഷ്ണനും ഡിപ്പാർട്ട്മെന്റിലെ മറ്റ് ഡോക്ടർമാരും നടത്തിയ നിരന്തര ശ്രമങ്ങളുടെ ഫലമായി വീണ്ടും മരുന്നുകൾ ഒരു മാസക്കാലത്തേക്ക് ഇപ്പോൾ നൽകിവരുന്നുണ്ട്

കിടപ്പ് രോഗികൾക്ക് ദീർഘകാലം ആശുപത്രിയിൽ വരാൻ സാധിക്കാത്ത അവസ്ഥയിൽ അത്തരം രോഗികളെ കണ്ടുകൊണ്ടിരുന്ന ഡോക്ടർക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ മരുന്നുകൾ നൽകാൻ സാധിക്കും ഇതിന് നിരോധനമൊന്നുമില്ല എന്നാൽ പാർശ്വഫലങ്ങളെ പറ്റി വേണ്ടത്ര പരിശോധനകൾ കൂടാതെ ദിർഘനാളത്തേക്ക് മനോരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ നൽകുന്നത് രോഗിയുടെ ആരോഗ്യത്തിന് നല്ലതല്ല. എല്ലാ രോഗികൾക്കും രക്തപരിശോധന നിർദേശിക്കപ്പെടാറില്ല. ചില പ്രത്യേക മരുന്നുകൾ കഴിക്കുന്നവർക്ക് രക്തപരിശോധന ഒഴിവാക്കാനും ആവില്ല.

ബാക്ക് ടു ഹോം എന്ന പേരിൽ സർക്കാർ അനുമതിയോടെ ഒരു ഔദ്യോഗിക പരിപാടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്നതായി അറിവില്ല രോഗം ഭേദമാകുന്ന മുറയ്ക്ക് രോഗികൾ ഡിസ്ചാർജ് ചെയ്യപ്പെടുന്നതിനാൽ ഇത്തരം ഒരു പരിപാടിയുടെ ആവശ്യകതയും മെഡിക്കൽ കോളേജിൽ ഇല്ല

മൈൻഡ്ഫുൾനസ് ശിൽപ്പശാലകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർ എസ് കൃഷ്ണന്റെ നേതൃത്വത്തിൽ മാത്രമല്ല നടത്തപ്പെടുന്നത്. കേരളത്തിൽ പല സ്ഥലങ്ങളിലും പല മാനസികാരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ അവ നടത്തപ്പെടുന്നു. മൈൻഡ്ഫുൾ ലൈഫ് മാനേജ്മെൻറ് മാനുവൽ ഇത്തരം എല്ലാ പരിപാടികൾക്കും വേണ്ടി പൊതുവായി തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ് മെഡിക്കൽ കോളേജിൽ ഈ പരിപാടി സൗജന്യമായിട്ടാണ് നടന്നുവരുന്നത്."

4. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് സമർപ്പിച്ച റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു;

"പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ 25-05-2025 ലെ കണക്കുകൾ പ്രകാരം വാർഡുകളിലും Male forensic വാർഡിനുള്ളിലെ CMP Hall ലുമായി 269 രോഗികൾക്ക് കൂട്ടിരിപ്പുകാർ ഇല്ലാതെ കിടത്തി ചികിത്സ നൽകിവരുന്നു. ആയതിനാൽ ടി പരാതിയിൽ പരാമർശിക്കും പ്രകാരം രോഗികൾക്ക് ചികിത്സ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിലവിൽ ഈ സ്ഥാപനത്തിൽ 12 സെക്യൂരിറ്റി ജീവനക്കാരുടെ (പുരുഷന്മാർ 8, സ്ത്രീകൾ-4) സേവനം ലഭിക്കുന്നുണ്ട്. അക്രമാസക്തരായ രോഗികളെ നേരിടുന്നതിനായി ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ Standard Protocol

പ്രകാരമാണ് രോഗികളെ പരിചരിക്കുന്നത്. Agitation Management Protocol/SOP തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സൈക്യാട്രിക് മരുന്നുകൾ പലതും പാർശ്വഫലങ്ങൾ ഉള്ളവയും നിരീക്ഷണം ആവശ്യമുള്ളവയും ആയതിനാൽ രോഗികളെ നേരിട്ട് കണ്ട് മാനസികവും ശാരീരികവുമായ അവസ്ഥകൾ പരിശോധിച്ച് മനസ്സിലാക്കിശേഷം മാത്രമേ മരുന്നുകൾ ക്രമീകരിക്കുവാനും സാധിക്കുകയുള്ളൂ. ആയതുകൊണ്ട് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിലേയ്ക്കായി തുടർച്ചയായി ചികിത്സ നൽകുവാനും ആശുപത്രിയിൽ രോഗികളെ ഡോക്ടർമാർ ആവശ്യപ്പെടുന്ന വേളയിൽ പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ആവശ്യപ്പെടാറുണ്ട്. എന്നാൽ പോലും ചുരുങ്ങിയ കാലയളവിലേയ്ക്ക് മരുന്ന് നൽകിവരുന്നു. തീരെ കിടപ്പിലായ രോഗികൾക്ക് സാന്ത്വനചികിത്സയുടെയും ഡിസ്ട്രിക് മെൻ്റൽ ഹെൽത്ത് പ്രോഗ്രാമിന്റെയും സഹായം സ്വീകരിക്കാവുന്നതാണ്. പരാതിയിൽ പരാമർശിച്ചിരിക്കും പ്രകാരം ചികിത്സ നിഷേധിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

5. വെഞ്ഞാറമൂട് ഗ്രാമപഞ്ചായത്തും പേരൂർക്കട മാനസികാരോഗ്യ കേന്ദ്രവും തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ലീഗൽ സർവ്വീസ് അതോറിറ്റി (TDLSA) യുടെ മേൽ നോട്ടത്തിൽ സംയുക്തമായി നടത്തിവരുന്ന "Back to Home" പ്രോജക്റ്റ് വഴി അനേകം രോഗികളെ പുനരധിവസിപ്പിക്കുന്നുണ്ട്. അപ്രകാരം 2024 ൽ മാത്രം 50 രോഗികളെയാണ് ടി സ്ഥാപനത്തിൽ നിന്നും പുനരധിവസിപ്പിച്ചത്. അതോടൊപ്പം സാമൂഹ്യ നീതി വകുപ്പിൻ്റെ "പ്രത്യാശ" പ്രോജക്റ്റ് മുഖേനയും സൈക്യാട്രിക് സോഷ്യൽ വർക്കർ, തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ലീഗൽ സർവ്വീസ് അതോറിറ്റി (TDLSA) എന്നിവരുടെ സഹായത്തോടു കൂടിയും തുടർച്ചയായ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.''

5. കേസ് പരിഗണനക്കെടുത്ത 13.10.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. സൈക്യാട്രിക് എമർജൻസിയായ വയലൻറ് രോഗികളെ കൈകാര്യം ചെയ്യാനുള്ള Seclusion facility, Restraining beds എന്നിവയ്ക്കുള്ള നിവേദനങ്ങൾ പരിഗണനയിലാണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും ഇപ്പോൾ എത്തുന്ന വയലൻറ് രോഗികളെ മെഡിക്കൽ കോളെജ് ആശുപത്രിയിൽ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന കാര്യം വിശദീകരിക്കുന്നില്ലായെന്നും, Back to home എന്ന പേരിൽ സൈക്യാട്രിക് വകുപ്പിൻെറയും മാനസികാരോഗ്യ കേന്ദ്രവും ചേർന്ന് ഒരു പുനരധിവാസ പ്രോഗ്രാം മാനസികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ കോളെജ് വാർഡുകളിൽ 2023 വർഷത്തിൽ നടന്നുവന്നിരുന്നതായും എന്നാൽ ഇപ്പോൾ ഈ പ്രോഗ്രാം നടക്കുന്നില്ലായെന്നും, മൈൻഡ്ഫുൾനസ് ശിൽപശാലയിൽ പങ്കെടുത്തവരിൽ നിന്നും അതിൻെറ നടത്തിപ്പിനായി ഫീസ് വങ്ങിയിട്ടുള്ളതായും മറ്റും ആക്ഷേപത്തിൽ പറയുന്നു.

6. ഹർജികക്ഷികൾ പൊതു താത്പര്യപ്രകാരമാണ് ഈ പരാതി നൽകിയിട്ടുള്ളത്. മൈൻഡ്ഫുൾനസ് പ്രോഗ്രാമിനായി കൂടുതൽ ഫീസ് ഈടാക്കുന്നുണ്ടോയെന്ന കാര്യം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിക്കേണ്ടതാണ്. അതിന്റെ ചെലവുകൾക്ക് മാത്രം ഫീസ് ഈടാക്കുന്നതിൽ പരാതികക്ഷിക്കും തർക്കമില്ല. കൂടാതെ സൈക്യാട്രിക് എമർജൻസിയായ വയലൻറ് രോഗികളെ കൈകാര്യം ചെയ്യാനുള്ള Seclusion facility, Restraining beds എന്നിവയും Back to home ഉൾപ്പെടെയുള്ള ആക്ഷേപത്തിൽ പറഞ്ഞിട്ടുള്ള ക്രിയാത്മകമായ കാര്യങ്ങൾ കൂടി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഹർജികക്ഷി സമർപ്പിച്ച ആക്ഷേപത്തിന്റെ പകർപ്പ് ഈ ഉത്തരവിനോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ